13539
13/7/18

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - പാലക്കാട് ഡിവിഷൻ - ചക്കോള എസ്റ്റേറ്റിനോട് ചേർന്നു കിടക്കുന്ന സർക്കാർ ഭൂമിയിലെ മരംമുറി-അച്ചടക്ക നടപടി - ശ്രീ.സി.ടി.ജോജ്ജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച ദയാഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.333/2018/വനം** തീയതി,തിരുവനന്തപുരം, 10/07/2018

---

പരാമർശം:- 1 ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 23.02.2008 ലെ ബി5-31080/2000 നമ്പർ ഉത്തരവ്

2 സ.ഉ.(സാധാ.) നം. 339/12/വനം തീയതി 06.07.2012

3 സ.ഉ.(സാധാ.) നം. 235/13/വനം തീയതി 19.06.2013

4 ശ്രീ.സി.ടി.ജോജ്ജു, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററിന്റെ, 14.07.2016-ൽ സർക്കാരിൽ സമർപ്പിച്ച ദയാഹർജി.

5 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 17.09.2016 ലെ ബി5-31080/00 നമ്പർ കത്ത്

6 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 27.07.2017, 22.03.2018 എന്നീ തീയതികളിലെ എ1(3)1632/17/ഗവി നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

പാലക്കാട് ഡിവിഷന്റെ വാളയാർ റെയിഞ്ചിലെ മലമ്പുഴ ബീറ്റിന്റെ പരിധിയിൽ വരുന്ന ചക്കോള എസ്റ്റേറ്റിനോട് ചേർന്നു കിടക്കുന്ന ഒന്നാം പുഴയോരത്ത് നിന്നിരുന്ന താന്നി ഇനങ്ങളിൽപ്പെട്ടതും സർക്കാർ ഭൂമിയിൽ നിന്നിരുന്നതുമായ

മരങ്ങൾ വ്യാജമായി സൃഷ്ടിക്കപ്പെട്ട റവന്യൂ രേഖകളുടെ ബലത്തിൽ എസ്റ്റേറ്റുടമ മുറിച്ചു കടത്തിയ വിവരം ലഭിച്ചിട്ടും ടി കുറ്റകൃത്യത്തിന് സത്വര നടപടികൾ സ്വീകരിക്കാതിരുന്നതുമായി ബന്ധപ്പെട്ട് ആ സമയത്തെ വാളയാർ റെയിഞ്ചോഫീസറായിരുന്ന ശ്രീ.സി.ടി.ജോജുവിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടയുന്നതിനും, ടി കേസിലെ ആകെ സർക്കാർ നഷ്ടമായ 72,000/- രൂപയിൽ ടിയാന്റെ ആനുപാതിക വിഹിതമായ 23,807/- രൂപ ടിയാനിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ച് പരാമർശം ( 1 ) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു.

2) പ്രസ്തുത ഉത്തരവിനെതിരെ ടിയാൻ 21.04.2008 ൽ സർക്കാരിൽ അപ്പീൽ സമർപ്പിച്ചു. അപ്പീൽ പരാതിയിലെ വാദം പരിഗണിച്ച് പരാമർശം (1) പ്രകാരമുള്ള ശിക്ഷ ലഘൂകരിച്ച് ഔദ്യോഗിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധാലുവായിരിക്കണം എന്ന മുന്നറിയിപ്പോടുകൂടി സെൻഷർ ആയി മാറ്റാനും സർക്കാർ നഷ്ടമായ 72,000/- രൂപയിൽ ടിയാന്റെ വിഹിതമായ 23,807/- രൂപ ഈടാക്കുവാനും തീരുമാനിച്ച് അപ്പീൽ അപേക്ഷ തീർപ്പാക്കി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3) മേൽ ഉത്തരവിനെതിരെ 20.12.2012 ൽ ശ്രീ.സി.ടി.ജോജു, സർക്കാരിൽ റിവ്യൂ ഹർജി സമർപ്പിച്ചു.അപ്പീലപേക്ഷയിൽ സമർപ്പിച്ചിരുന്ന വിശദീകരണത്തിൽ കൂടുതലായി ഒന്നുംതന്നെ ബോധിപ്പിച്ചിട്ടില്ല എന്നതിനാൽ പ്രസ്തുത റിവിഷൻ ഹർജി പരിഗണിക്കേണ്ടതില്ല എന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശുപാർശ ചെയ്തിരുന്നു. കൂടാതെ 1960ലെ കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടം പ്രകാരം റിവ്യൂ ഹർജി സമർപ്പിക്കാനുള്ള സമയപരിധി ഉത്തരവ് തീയതി മുതൽ 2 മാസക്കാലമാണ്. 06.07.2012 ലെ സർക്കാർ ഉത്തരവിനെതിരെ ശ്രീ.സി.ടി.ജോജു 5 മാസങ്ങൾക്ക് ശേഷം 20.12.2012 ലാണ് റിവ്യൂ ഹർജി സമർപ്പിച്ചിരുന്നത്. കാലതാമസത്തിനുള്ള കാരണവും വ്യക്തമാക്കി യിട്ടില്ലായിരുന്നതിനാൽ റിവ്യൂ ഹർജി പരഗണനാർഹമല്ലാത്തതിനാൽ പരാമർശം (3) പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു.

4) മേൽ ഉത്തരവുകൾക്കെതിരെ ശ്രീ.സി.ടി.ജോജു, പരാമർശം (4) പ്രകാരം സർക്കാരിൽ ദയാഹർജി സമർപ്പിച്ചു. ദയാഹർജി പരിഗണിച്ച് പൂർണമായും കുറ്റവിമുക്തനാക്കണമെന്ന് ടിയാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (5) പ്രകാരവും, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (6) പ്രകാരവും അഭിപ്രായം ലഭ്യമാക്കി.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 1960 ലെ കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺ ട്രോൾ & അപ്പീൽ) ചട്ടം പ്രകാരം ശിക്ഷ വിധി പുന;പരിശോധിക്കുന്നതിനു ടിയാനു അനുവദിച്ചിട്ടുള്ള എല്ലാ അവസരങ്ങളും നൽകിക്കഴിഞ്ഞ സാഹചര്യത്തിലും കുറ്റത്തിന് വളരെ ആനുപാതികമായ ശിക്ഷയാണ് നൽകിയിരിക്കുന്നതിനാലും, പൂർണ്ണമായും കുറ്റവിമുക്തനാക്കേണ്ട സാഹചര്യം നിലവിൽ ഇല്ലാത്തതിനാലും പരാമർശം (4) പ്രകാരം ശ്രീ.സി.ടി.ജോജു, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച ദയാഹർജി നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വേണു.വി

പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.സി.ടി.ജോജു, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ